പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2007 07.07.2015-ൽ മറുപടിയ്ക്ക്

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കൈമാറ്റ പദ്ധതിയുടെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രി സിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച കാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇതിൻ പ്രകാരം കെ.എസ്. ഇ. ബി കൈമാറ്റ പദ്ധതിയുടെ ഭാഗമായി പുറത്തിറങ്ങിയ സർക്കാർ വിജ്ഞാപനം കൈമാറ്റ പദ്ധ തിയും ത്രികക്ഷി കരാറും ശ്രദ്ധയി ൽപ്പെട്ടിട്ടുണ്ടോ ; | (ബി) കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി (2013) യുടെ ഖണ്ഡിക 6(8) അനുസരിച്ച് സർക്കാരും വൈദ്യുതി ബോർഡ് ലിമിറ്റഡും ജീവനക്കാരുടെ സംഘടനകളും ചേർന്ന് ത്രികക്ഷി കരാർ ഒപ്പുവച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത സർക്കാർ വിജ്ഞാപന പ്രകാരവും ത്രികക്ഷികരാർ വ്യവ സ്ഥ പ്രകാരവും കെ. എസ്. ഇ. ബി. ലിമിറ്റഡ് എന്ന കമ്പനിയിൽ പെൻഷൻ ബാദ്ധ്യത നിറവേറ്റുന്ന തിന് ഒരു പെൻഷൻ ഫണ്ട് രൂപീക രിക്കണമെന്നും ടി ഫണ്ട് രൂപീകരി ക്കുന്നതിന് സർക്കാർ വിഹിതം നൽകുമെന്നും വ്യവസ്ഥ ചെയ് തിട്ടുള്ളതായി അറിയുമോ ; എത്ര തുകയാണ് പെൻഷൻ ഫണ്ടിലേക്ക് നൽകാമെന്ന് ധനകാര്യ വകുപ്പ് സമ്മതിച്ചിട്ടുള്ളതെന്ന് വ്യക്തമാ ക്കുമോ ; | (സി) കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്ന കമ്പനിയിൽ പെൻഷൻ ബാധ്യത നിറവേറ്റുന്നതിന് പെൻഷൻ ഫണ്ട് രൂപീകരണത്തിനും ടി ഫണ്ട് രൂപീകരിക്കുന്നതിന് സർക്കാർ വിഹിതം നൽകുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 31.10.2013 -ൽ കണക്കാക്കിയ ആക്ച്വറിയൽ വാല്യുവേഷൻ അനുസരിച്ച് പെൻഷൻ ബാധ്യത 12419 കോടി രൂപയാണ്. ഈ തുകയിൽ 524 കോടി രൂപ സംസ്ഥാന സർക്കാർ ബഡ്ജറ്റ് അലോക്കേഷൻ വഴി 10 വർഷമായി വൈദ്യുതി ബോർഡിന് നൽകുന്നതും ബാക്കി തുകയായ 11895 കോടി രൂപയ്ക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് രണ്ടുതരം ബോണ്ടുകൾ പുറപ്പെടുവിച്ച് പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിന് രൂപീകരിക്കുന്ന മാസ്റ്റർ ട്രസ്റ്റിന് നൽകുന്നതുമാണ്. ഇതിൽ 5861 കോടി രൂപ സംസ്ഥാന സർക്കാർ അടുത്ത |

പത്തുവർഷം കൊണ്ട് ഫണ്ട് ചെയ്യുന്നതും ആയതിലേയ്ക്കായി ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ പിരിച്ചെടുക്കുന്ന തുക ഉപയോഗിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിനെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത വകുപ്പിലെ ജീവനക്കാർക്കവ പെൻഷൻ മുടക്കം കൂടാതെ നൽകുന്ന കാര്യത്തിൽ സർക്കാർ ഗ്യാരന്റി നൽകിയിട്ടുള്ളതായി പ്രസ്തുത വിജ്ഞാപനത്തിലും ത്രികക്ഷി കരാറിലും വ്യവസ്ഥയുണ്ടെന്നുള്ള കാര്യം അറിവുള്ളതാണോ ; ഈ കാര്യത്തിൽ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ ; എന്തൊക്കെ ഗ്യാരന്റി വ്യവസ്ഥകളാണ് ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടുള്ളത് ;

(ഡി) പെൻഷൻ മുടക്കം കൂടാതെ നൽകുന്ന തരത്തിൽ പെൻഷൻ ഫണ്ടും മാസ്റ്റർ ട്രസ്റ്റും രൂപീകരിക്കുന്നതും പെൻഷൻ ഫണ്ടിലേക്ക് കെ. എസ്. ഇ. ബി. ലിമിറ്റഡിന്റേയും സർക്കാരിന്റേയും വിഹിതം നൽകുന്നതും സംബന്ധിച്ച വ്യവസ്ഥകൾ സർക്കാർ അംഗീകരിച്ചുകൊണ്ടാണ് രണ്ടാം കൈമാറ്റ പദ്ധതി പുറപ്പെടുവിച്ചിട്ടുള്ളത്.

(ഇ) പെൻഷൻ ഫണ്ട് ഇനത്തിൽ സർക്കാർ വിഹിതമായി നാളിതുവരെ എത്ര തുകയ്ക്ക് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട് ; കെ. എസ്. ഇ. ബി. ലിമിറ്റഡിന് എത്ര തുക നാളിതുവരെ കൈമാറ്റം ചെയ്തിട്ടുണ്ട് ; വിശദാംശം അറിയിക്കുമോ ?

(ഇ) പെൻഷൻ നൽകുന്നതിനായി ബഡ്ജറ്റ് അലോക്കേഷൻ വഴി 2012-13 സാമ്പത്തിക വർഷം മുതൽ പ്രതിവർഷം 52.40 കോടി രൂപ സർക്കാരിൽ നിന്നും അനുവദിച്ചു. കൂടാതെ കെ.എസ്.ഇ.ബി.ലിമിറ്റഡ് സർക്കാരിന് നൽകേണ്ട 31.03.2015 വരെയുള്ള ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി പെൻഷൻ ഫണ്ടിലേയ്ക്ക് ലഭിക്കേണ്ട തുക തട്ടിക്കിഴിക്കുകയുണ്ടായി. ഇപ്രകാരം 01.04.2008 മുതൽ 31.03.2012 വരെയുള്ള കാലയളവിൽ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ സർക്കാരിന് ബോർഡ് നൽകേണ്ട 1522.53 കോടി രൂപയും 01.11.2013 മുതൽ 31.12.2014 വരെ പെൻഷൻ ഫണ്ടിനത്തിൽ പ്രതിവർഷം 586.10 കോടി രൂപ വീതം ലഭിക്കേണ്ട ആകെ 683.79 കോടി രൂപയും അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**